**14th November 2015 / Saturday** **20th day of 90 days**

*വിശുദ്ധ യോഹന്നാൻ 6:53*

***യേശു പറഞ്ഞു, സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലായെങ്കിൽ നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല.***

വിശുദ്ധ കുർബ്ബാന, കൂദാശകളുടെ കൂദാശ എപ്പോഴെങ്കിലും എങ്ങനെയെങ്കിലും പങ്കെടുത്ത് കണ്ടാൽ മാത്രം മതിയെന്നു കരുതുന്നവർക്ക് തക്ക ഉപദേശമാണ് ഈ സത്യവചനം. ഈ ലോകത്തിന്റെ താളങ്ങൾക്ക് അനുസരിച്ച് ജീവിക്കുമ്പോൾ പല തരത്തിലുള്ള പ്രശ്നങ്ങളിലൂടെ കടന്നുപോകണം. ശരീരത്തിന്റെ നിലനില്പിന് യഥാസമയം നാം ഭക്ഷണം കഴിക്കുന്നു. അത് ഒരു നേരംപോലും നഷ്ടപ്പെടാതെ, കൃത്യമായി അധരത്തിന് സ്വാദിഷ്ഠമായി അത് തയ്യാറാക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. അതിനെക്കാൾ ഉപരിയായി അത്മാവിന്റെയും ദേഹിയുടെയും വിശപ്പും ഊർജ്ജവും നാം മനസ്സിലാക്കി പ്രതികരിച്ചില്ലായെങ്കിൽ, ആരും നമ്മെ ഉപദേശിക്കാൻ കാണും എന്ന് കരുതരുത്. ദേഹത്തിൽ / ശരീരത്തിൽ ക്ഷീണം തോന്നുമ്പോൾ വൈദ്യന്റെ ഉപദേശം സ്വീകരിക്കുകയും കുറവുകൾ പരിഹരിക്കാൻ ബദ്ധപ്പെടുകയും ചെയ്യുന്നു. സത്യവചനമാകുന്ന പാൽ കുടിക്കുകയും വിശുദ്ധ കുർബ്ബാന ക്രമമായി വിശുദ്ധിയോടെ അനുഭവിക്കുകയും ചെയ്തുകൊണ്ട് കഴിയുന്ന വിധത്തിൽ നന്മകൾ ചെയ്തു ദൈവനാമം മഹത്വപ്പെടുത്തുവാൻ കഴിയണം. വിശ്വാസികൾ / സത്യവിശ്വാസികൾ വിശുദ്ധ കുർബ്ബാന അതിന്റെ പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്നതിൽ പരാജയമാണല്ലോ എന്നൊരു തോന്നൽ. അത് വിശുദ്ധ സ്ഥലത്തു നിൽക്കുന്നവർ മുതൽ ദൈവാലയങ്കണത്തിൽ സന്ദർശനം നടത്തുന്നവർ വരെ ഒരേപോലെ ഉത്തരവാദിത്വപ്പെട്ടവരാണ്, ചിലർ എങ്കിലും. അശുദ്ധി ഉള്ളടത്ത് വിശുദ്ധി കാണില്ല, ശാരീരിക അശുദ്ധിയെ നീക്കി വിശുദ്ധി പ്രാപിക്കാൻ നാം ദിനം തോറും ആവർത്തിച്ച് പല കാര്യങ്ങൾ ചെയ്യുന്നു. ഇതേപോലെ ദേഹിയുടെ ശുദ്ധീകരണത്തിനായി ദിനംതോറും ഏഴ് യാമപ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നു. കാരണം നമ്മുടെ ചിന്തകൾ, വിചാരങ്ങൾ, പ്രവൃത്തികൾ എന്നിവ മൂലം നാം ഏത് സമയത്തും അശുദ്ധരാകാം.

. . . .2

ആയതിനാൽ വിശുദ്ധിയോടെ കൂടി മാത്രമേ വിശുദ്ധ കുർബ്ബാന അനുഭവിക്കാൻ പാടുള്ളൂ, ആ അനുഭവം അടുത്ത വിശുദ്ധ കുർബ്ബാന വരെ കാത്തുസൂക്ഷിക്കേണം. പിതാവിന്റെ വലതുഭാഗത്ത് ഇരുന്ന് നമുക്കുവേണ്ടി മദ്ധ്യസ്ഥത നടത്തുന്ന യേശു മണവാളന്റെ രണ്ടാം വരവും കല്യാണവും താമസിക്കുന്നതിന്റെ കാരണവും ഈ വചനത്തിൽ ഉണ്ട്. സത്യവിശ്വാസികളായ നമുക്ക് ആത്മീയ ജീവൻ ഇല്ല, അതിനുവേണ്ടി വിശുദ്ധ സഭയുടെ കൂദാശകളും ആരാധനകളും യാമപ്രാർത്ഥനകളും യഥാസമയം പൂർത്തികരിച്ച് ദൈവത്തിന്റെ പദ്ധതികളിൽ പങ്കാളിയായി ജന്മസാഫല്യം അണയാം. ഈ നിമിഷനേരത്തെ ലോകജീവിതം കൊണ്ട് നിത്യജീവൻ പ്രാപിക്കാൻ ദൈവം തമ്പുരാൻ നമ്മെ ഓരോരുത്തരെ യോഗ്യരാക്കട്ടെ.